"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ് - മൈനിംഗ് & ജിയോളജി — 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം ശ്രീ.ഗോവിന്ദൻകുട്ടി കർത്താ, ഗംഗോത്രി, സെൻ ഗുപ്ത റോഡ്, ഒറ്റപ്പാലം സമർപ്പിച്ച അപ്പീൽ പെറ്റീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

---

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.409/2025/ID തീയതി,തിരുവനന്തപുരം, 11-04-2025

---

പരാമർശം:-

1. ആലപ്പുഴ ജിയോളജിസ്റ്റിന്റെ 25.07.2024 തീയതിയിലെ 46/2024-2025/ഡിഇഎ/1538/എംഎം/2012 നമ്പർ നടപടിക്രമം .
2. ശ്രീ.ഗോവിന്ദൻകുട്ടി കർത്താ, ഗംഗോത്രി, സെൻ ഗുപ്ത റോഡ്, ഒറ്റപ്പാലം 17.10.2024 തീയതിയിൽ സമർപ്പിച്ച അപ്പീൽ ഹർജി.
3. മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടറുടെ 14.11.2024 തീയതിയിലെ ഡി.എം.ജി/3186/2024-എം1 നമ്പർ കത്ത്.

**ഉത്തരവ്**

ആലപ്പുഴ ജില്ലയിലെ ചേർത്തല താലൂക്കിലെ തൈക്കാട്ടുശ്ശേരി വില്ലേജിൽപ്പെട്ടതും ശ്രീ.ഗോവിന്ദൻകുട്ടി കർത്താ, ഗംഗോത്രി, സെൻ ഗുപ്ത റോഡ്, ഒറ്റപ്പാലം എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ളതുമായ സ്ഥലത്തു നിന്നും 158 മെ.ടൺ സിലിക്ക മണൽ അനധികൃതമായി നീക്കം ചെയ്തതായി കണ്ടെത്തിയതിനെ തുടർന്ന് ആയതിന് റോയൽറ്റി, വില, കോംപൗണ്ടിംഗ് ഫീസിനത്തിൽ 3,40,684/- രൂപ ഒടുക്കുന്നതിന് ഡിമാന്റ് നോട്ടീസ് നൽകിയിട്ടും തുക ഒടുക്കാത്തതിനെ തുടർന്ന് ടി തുക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ച് ആലപ്പുഴ ജിയോളജിസ്റ്റ് പുറപ്പെടുവിച്ച 25.07.2024 തീയതിയിലെ പരാമർശം (1) പ്രകാരമുള്ള നടപടിക്രമത്തിനെതിരെ ശ്രീ.ആർ.ഗോവിന്ദൻ കുട്ടി കർത്താ, ഗംഗോത്രി, സെൻ ഗുപ്ത റോഡ്, ഒറ്റപ്പാലം പരാമർശം (2) പ്രകാരം ഒരു അപ്പീൽ ഹർജി സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. അപ്പീൽ ഹർജിയുമായി ബന്ധപ്പെട്ട് അപ്പീൽ അധികാരിയായ വ്യവസായ വകുപ്പ് അഡീഷണൽ സെക്രട്ടറി 15/11/2024 ന് നടത്തിയ ഹിയറിംഗിൽ അപ്പീൽകക്ഷിയും, ആലപ്പുഴ ജിയോളജിസ്റ്റും, മൈനിംഗ് & ജിയോളജി ഡയറക്ടറേറ്റിലെ ജിയോളജിസ്റ്റും പങ്കെടുക്കുകയുണ്ടായി.

3. ചേർത്തല താലൂക്കിൽ തൈക്കാട്ടുശ്ശേരി വില്ലേജിൽപ്പെട്ട 77/4 സർവ്വെ നം. ഭൂമിയിൽ നിന്ന് അനധികൃതമണൽ ഖനനം നടന്നിട്ടുള്ളതായി സ്പെഷ്യൽ സ്ക്വാഡ് 1/2/2013 ൽ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ആലപ്പുഴ മൈനിംഗ് & ജിയോളജി വകുപ്പ് ജില്ലാ ഓഫീസിൽ നിന്ന് 158 മെ. ടൺ സിലിക്കായുടെ റോയൽറ്റി, പിഴ ഇനത്തിൽ 3,40,684/- രൂപ ആവശ്യപ്പെട്ടിട്ട് തുക അടയ്ക്കാത്തതിനാൽ പിഴ പലിശ അടക്കം 8 ലക്ഷത്തിൽ പരം രൂപ

ഈടാക്കാനുള്ള റവന്യൂ റിക്കവറി നടപടികൾ ആരംഭിക്കുന്നതായി വിവരാവകാശപ്രകാരം അറിയാൻ കഴിഞ്ഞുവെന്നും ഇക്കാര്യത്തിൽ ചുവടെ ബോധ്യപ്പെടുത്തുന്ന വസ്തുതകൾ പരിഗണിച്ച് റവന്യൂ റിക്കവറി നടപടികൾ ഒഴിവാക്കി തന്നെ കുറ്റവിമുക്തനാക്കേണ്ടതാണെന്നും ഹിയറിംഗ് വേളയിൽ അപ്പീൽകക്ഷി വാദിച്ചു.

1. 14/10/2024 ന് മൈനിംഗ് & ജിയോളജി വകുപ്പ് ജില്ലാ ഓഫീസ്, ആലപ്പുഴയിൽ നിന്ന് വിവരാവകാശ പ്രകാരം കിട്ടിയരേഖകളിൽ നിന്നാണ് തന്റെ പേരിലുള്ള ചാർജിന്റെ പൂർണ്ണരൂപം തനിക്ക് മനസിലാകുന്നത്. ഇതിന് മുൻപ് 7/2/2013 ന് ടി ജില്ലാ ഓഫീസിൽ നിന്ന് ലഭിച്ച കത്ത് മാത്രമാണ് തനിക്ക് ലഭിച്ചിട്ടുള്ള ഏക അറിയിപ്പ്. ആയതിന് 11/02/2013 ന് യഥാവിധി മറുപടിയും കൊടുത്തിരുന്നു. പിന്നീടുള്ള ഒരു നടപടിയെക്കുറിച്ചും തനിക്ക് ഒരു വിവരവും ലഭിച്ചിട്ടില്ല.
2. 7/02/2013 ലെ നോട്ടീസ് ലഭിച്ചപ്പോൾ താൻ സ്ഥലത്തില്ലെങ്കിലും വ്യവസ്ഥകൾ നേരിട്ട് അന്വേഷിക്കാൻ തന്റെ അനുജനെ ചുമതലപ്പെടുത്തുകയും ആ പ്രദേശങ്ങളിൽ അനധികൃത മണൽവാരൽ നടക്കുന്നുണ്ട് എന്ന് മനസ്സിലാക്കി തന്റെ ഭൂമി വേലികെട്ടി സംരക്ഷിക്കുവാനും മണൽകടത്തിനെപ്പറ്റി പോലീസിനെ വിവരം ധരിപ്പിക്കാനും താൻ ഏർപ്പാട് ചെയ്തിരുന്നു. അങ്ങനെ തന്റെ കൈവശഭൂമിയിൽ അനധികൃത ഖനനം നടക്കുന്നില്ല എന്ന് ഉറപ്പാക്കിയിരുന്നു.
3. താൻ ഒറ്റപ്പാലം മുനിസിപ്പാലിറ്റിയുടെ 26-ാം വാർഡിൽ ഗംഗോത്രി വീട്ടിൽ 1990 മുതൽ സ്ഥിരതാമസക്കാരനാണ്. ആ മേൽവിലാസത്തിൽ ഇതിനെ സംബന്ധിച്ച് ഒരറിയിപ്പും തനിക്ക് ലഭിച്ചിട്ടില്ല.
4. യഥാസമയം അറിയിപ്പുകൾ കിട്ടാതിരുന്നതിനാൽ ഇക്കാര്യത്തിൽ സമയാസമയങ്ങളിൽ ഉചിതമായ നടപടികൾ സ്വീകരിക്കാനുള്ള അവസരം തനിക്ക് ലഭിച്ചിട്ടില്ല.
5. അനധികൃത ഖനനം നടന്നു എന്ന് പറയുന്ന 77/4 സർവ്വെയിൽ എ, ബി വിഭാഗങ്ങളിലായി പലരുടെ കൈവശമായിട്ടാണ് ഭൂമി കിടക്കുന്നത്. തന്റെ കൈവശം 77/4 ബി യിലെ 20 സെന്റ് സ്ഥലമാണ് നിലവിലുള്ളത്.
6. തന്റെ കൈവശഭൂമിയിൽ ഒരു 1000 Sqft വീടും 40 വർഷ ത്തോളം പ്രായമുള്ള 8 തെങ്ങുകളും നിൽപ്പുണ്ട്. അവിടെ 33 അടി നീളത്തിൽ 24 അടി വീതിയിൽ മണൽ ഖനനം ചെയ്യാനുള്ള ഒരു സാധ്യതയുമില്ല. തന്നെയുമല്ല റിപ്പോർട്ടിൽ സൂചിപ്പിക്കുന്ന ദൂരപരിധിക്ക് അപ്പുറമാണ് തന്റെ ഭൂമി.

നടപടികൾക്ക് വിധേയമായ ഭൂമി തന്റെ കൈവശത്തിൽ അല്ലാത്തതിനാലും സമയാസമയങ്ങളിൽ അറിയിപ്പ്കിട്ടി വസ്തുതകളുടെ വിശദാംശങ്ങൾ ധരിപ്പിക്കാൻ അവസരം കിട്ടാതിരുന്നതിനാലും തന്നെ റവന്യൂ റിക്കവറി നടപടികളിൽ നിന്ന് ഒഴിവാക്കി കുറ്റവിമുക്തനാക്കണമെന്ന് അപേക്ഷിക്കുന്നു.

4. അപ്പീൽ ഹർജി സംബന്ധിച്ച് മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്ത വിവരങ്ങൾ ചുവടെ ചേർക്കുന്നു:

ആലപ്പുഴ ജില്ലയിലെ ചേർത്തല താലൂക്കിൽ അനധികൃത സിലിക്കാ മണൽ ഖനനവും കടത്തും തടയുന്നതിനായി 4/12/2022 തീയതിയിലെ ഉത്തരവ് നം. 638/20212-13/10385/ഇ1/2012 പ്രകാരം രൂപീകരിച്ച സ്പെഷ്യൽ സ്ക്വാഡ് 29/01/2013 തീയതിയിൽ ചേർത്തല താലൂക്കിൽ

തൈക്കാട്ടുശ്ശേരി വില്ലേജിൽ നടത്തിയ പരിശോധനയിൽ മുലംകുഴി വീട്ടിൽ സുകുമാരൻ കർത്ത എന്നവരുടെ മകൻ ഗോവിന്ദൻ കുട്ടി കർത്താ എന്ന വ്യക്തിയുടെ സർവ്വെ നം.77/4 ൽ പ്പെട്ട സ്ഥലത്ത് നിന്നും ഉദ്ദേശം 10 മീ x 3 മീ x 0.75 മീ സിലിക്കാ മണൽ അനധികൃതമായി ഖനനം ചെയ്ത് കടത്തിക്കൊണ്ട് പോയതായി ബോധ്യപ്പെട്ട് മഹസ്സർ തയ്യാറാക്കുകയും ആയത് തുടർനടപടി സ്വീകരിക്കുന്നതിനായി ആലപ്പുഴ ജില്ലാ ജിയോളജിസ്റ്റിന് കൈമാറുകയും ചെയ്തു. തുടർന്ന് അനധികൃത ഖനനത്തിനെതിരെ 1957 ലെ മൈൻസ് & മിനറൽസ് (ഡവലപ്മെന്റ് & റഗുലേഷൻ) ആക്ട് പ്രകാരം നടപടി സ്വീകരിക്കുന്നതിന്റെ മുന്നോടിയായി 07/02/2013 തീയതിയിൽ ആലപ്പുഴ ജില്ലാ ഓഫീസിൽ നിന്നും സ്ഥലമുടമയ്ക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ആയതിനുള്ള സ്ഥലമുടമസ്ഥന്റെ മറുപടിയിൽ തന്റെ വസ്തുവിൽ നിന്നും തന്റെ അസാന്നിദ്ധ്യത്തിൽ അനധികൃതമായി മണൽ നീക്കം ചെയ്യുന്നത് മനസ്സിലായ സാഹചര്യത്തിൽ പൂച്ചാക്കൽ പോലീസ് സ്റ്റേഷനിൽ 14/09/2012 ൽ പരാതി നൽകുകയും അറിയിക്കുകയും ചെയ്തിട്ടുണ്ടെന്നും വസ്തു മുള്ളുവേലി കെട്ടി സംരക്ഷിക്കുകയും ചെയ്തിട്ടുണ്ടെന്നും സർക്കാർ സ്പെഷ്യൽ സ്ക്വാഡ് രൂപീകരിക്കുന്നതിനും മുൻപാണ് ഇതൊക്കെ നടന്നിട്ടുള്ളത് എന്നും സ്ഥലം ഉടമ അറിയിച്ചിട്ടുണ്ടെന്നും കൂടാതെ വസ്തു ഉടമ എന്ന നിലയിൽ തന്റെ വസ്തുവിൽ നിന്നും അനധികൃതമണൽ കടത്ത് തടയുവാൻ തന്നാലാവുന്നത് ചെയ്തിട്ടുണ്ടെന്നും സ്ഥലമുടമ അറിയിച്ചിട്ടുണ്ടെന്നും ആലപ്പുഴ ജില്ലാ ജിയോളജിസ്റ്റ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ ശ്രീ. ഗോവിന്ദൻകുട്ടി കർത്തായുടെ മറുപടി തൃപ്തികരമല്ലാത്തതിനാൽ അനധികൃതമായി ഖനനം ചെയ്ത് കടത്തികൊണ്ടുപോയ 158 മെ. ടൺ സിലിക്കാ സാൻഡിന്റെ റോയൽറ്റി, വില, പിഴ ഇനത്തിൽ 3,40,684/- രൂപ സർക്കാരിൽ അടവാക്കുന്നതിനായി ആലപ്പുഴ ജില്ലാ ഓഫീസിൽ നിന്നും 10/12/2013 തീയതിയിൽ നോട്ടീസ് നൽകിയിട്ടുള്ളതുമാണ്. എന്നാൽ ടി തുക സർക്കാരിൽ അടവാക്കി കുറ്റം രാജിയാക്കിയിരുന്നില്ല. അനധികൃതമായി സിലിക്കാ സാൻഡ് ഖനനം ചെയ്ത വ്യക്തികളിൽ നിന്നും സർക്കാരിലേക്ക് റോയൽറ്റിയും, പിഴയും ഈടാക്കേണ്ടത് സംബന്ധിച്ച് 23/10/2018 തീയതിയായി സിഎ1/സി/06/143/114 നം. കത്ത് പ്രകാരം എ ജി റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുള്ളതുമാണ്. ഈ സാഹചര്യത്തിൽ അനധികൃത പ്രവർത്തി നടത്തിയവർക്കെതിരെ തുടർനടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ആലപ്പുഴ ജില്ലാ ജിയോളജിസ്റ്റിന്റെ 25/07/2024 തീയതിയിലെ 46/2024-25/DOA/1538MM/2012 നമ്പർ നടപടി ഉത്തരവ് പ്രകാരം 158 മെ. ടൺ സിലിക്കാ സാന്റ് അനധികൃതമായി നീക്കം ചെയ്തതിനു റോയൽറ്റി, വില, പിഴ ഇനത്തിൽ 3,40,684/- രൂപ സർക്കാരിൽ അടവാക്കുന്നതിനായി സ്ഥലമുടമക്ക് നോട്ടീസ് അയക്കുകയും റവന്യൂ റിക്കവറി നടപടി സ്വീകരിക്കുകയും ഫോം 24 പ്രകാരം റിക്വിസിഷൻ നൽകുകയും ചെയ്തു എന്നും ജില്ലാ ജിയോളജിസ്റ്റ് അറിയിച്ചിട്ടുണ്ട്.

22/06/2017 ലെ GOP No.25/2017/ID സർക്കാർ ഉത്തരവ് പ്രകാരമുള്ള 2017 ലെ KMMC (ഭേദഗതി) ചട്ടങ്ങളിലാണ് സിലിക്കാ സാന്റ് ചെറുകിട ധാതുവായി ഉൾപ്പെടുത്തി വിജ്ഞാപനമിറക്കിയിട്ടുള്ളത്.

ശ്രീ. ഗോവിന്ദൻകുട്ടി കർത്ത എന്നവരുടെ സ്ഥലത്ത് അനധികൃത ഖനനം കണ്ടെത്തുന്നത് 29/01/2013 ൽ ആയതിനാൽ ടി കാലയളവിൽ ഇന്ത്യൻ ബ്യൂറോ ഓഫ് മൈൻസ് നിശ്ചയിച്ച നിരക്കുകൾ പ്രകാരമാണ് റോയൽറ്റി, വില, കോമ്പൗണ്ടിങ് ഫീ എന്നിവ കണക്കാക്കിയിട്ടുള്ളത്.

158 മെ. ടൺ സിലിക്കാ സാന്റിന് ടണ്ണിന് 148/- രൂപ നിരക്കിൽ റോയൽറ്റി =

23,384/-

158 മെ. ടൺ സിലിക്കാ സാന്റിനു ടണ്ണിന് 1850/- രൂപ നിരക്കിൽ വില
= 2,92,300/-

കോമ്പൗണ്ടിംഗ് ഫീസ് = 25,000/-

ആകെ = 3,40,684/-

1957 ലെ മൈൻസ് & മിനറൽസ് (ഡെവലപ്മെന്റ് & റഗുലേഷൻ) ആക്ട് (തുടർന്നുള്ള ഭേദഗതികളും) സെക്ഷൻ 21(5) പ്രകാരം അനധികൃതമായി ഖനനം ചെയ്ത 158 മെ. ടൺ സിലിക്കാ സാന്റിന്റെ റോയൽറ്റി, വില, കോമ്പൗണ്ടിംഗ് ഫീ ഇനത്തിൽ 3,40,684/- രൂപയും ആയതിന്റെ നാളിതുവരെയുള്ള പലിശയും സ്ഥലം ഉടമസ്ഥനായി ശ്രീ ഗോവിന്ദൻകുട്ടി കർത്ത എന്നവർ സർക്കാരിലേക്ക് അടവാക്കുവാൻ ബാധ്യസ്ഥനാണ്. ഈ സാഹചര്യത്തിൽ ടിയാന്റെ അപേക്ഷ തള്ളിക്കഞ്ഞ് സർക്കാരിനുണ്ടായ നഷ്ടം ടിയാനിൽ നിന്നും ഈടാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

5. അപ്പീൽ അധികാരി ഈ വിഷയം അപ്പീൽ കക്ഷിയുടെ വാദത്തിന്റെയും മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ആലപ്പുഴ ജില്ലയിലെ ചേർത്തല താലൂക്കിലെ തൈക്കാട്ടുശ്ശേരി വില്ലേജിൽ സർവ്വേ നം. 77/4 ൽ പ്പെട്ട സ്ഥലത്തു നിന്നും സിലിക്കാ മണൽ അനധികൃതമായി ഖനനം ചെയ്ത് നീക്കിയതിനാണ് അപ്പീൽ കക്ഷിക്ക് പെനാലിറ്റി നിശ്ചയിച്ചുകൊണ്ട് നോട്ടീസ് നൽകിയത്. എന്നാൽ 77/4 ബി യിലെ 20 സെന്റ് സ്ഥലം മാത്രമാണ് അപ്പീൽകക്ഷിയുടെ കൈവശത്തിലുള്ളതെന്നും അവിടെ ജിയോളജിസ്റ്റ് റിപ്പോർട്ട് ചെയ്തിരിക്കുന്ന രീതിയിൽ ഖനനം നടത്തുവാൻ സാധിക്കുകയില്ലെന്നും സർവ്വേ നം. 77/4 ൽ പ്പെട്ട ഭൂമി ഏകദേശം 10 ൽ കൂടുതൽ ആളുകളുടെ പേരിൽ ഉടമസ്ഥാവകാശം ഉള്ളതാണെന്നുമുള്ള അപ്പീൽകക്ഷിയുടെ വാദം പരിഗണിച്ച് സർവ്വേ നം.77/4 ൽ പ്പെട്ട ഭൂമിയുടെ ഉടമസ്ഥർ ആരൊക്കെയാണെന്ന് റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട രേഖകൾ ശേഖരിച്ച് അതിൽ അനധികൃത ഖനനം നടന്നത് എത് വസ്തുവിലാണെന്ന് കണ്ടെത്തി ടി വസ്തുവിന്റെ ഉടമസ്ഥരിൽ നിന്നും പെനാലിറ്റി ഈടാക്കുന്നതിനുള്ള ഉചിതമായ നടപടികൾ നടപടിക്രമങ്ങൾ പാലിച്ച് സ്വീകരിക്കുവാൻ ആലപ്പുഴ ജില്ലാ സ്ക്വാഡ് ജിയോളജിസ്റ്റിന് നിർദ്ദേശം നൽകിക്കൊണ്ട് ശ്രീ.ഗോവിന്ദൻകുട്ടി കർത്താ, ഗംഗോത്രി, സെൻ ഗുപ്ത റോഡ്, ഒറ്റപ്പാലം പരാമർശം (2) പ്രകാരം സമർപ്പിച്ച അപ്പീൽ ഹർജി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബി അജിത
അഡിഷണൽ സെക്രട്ടറി
& അപ്പീൽ അധികാരി

ശ്രീ.ഗോവിന്ദൻകുട്ടി കർത്താ, ഗംഗോത്രി, സെൻ ഗുപ്ത റോഡ്, ഒറ്റപ്പാലം -1.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ & ഇ), തിരുവനന്തപുരം.

ഡയറക്ടർ, മൈനിംഗ് & ജിയോളജി വകുപ്പ്, തിരുവനന്തപുരം.

ജില്ലാ ജിയോളജിസ്റ്റ്, ആലപ്പുഴ.

ജിയോളജിസ്റ്റ്, ജില്ലാ മിനറൽ സ്ക്വാഡ്, ആലപ്പുഴ

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sachin V R
Date: 11-04-2025 13:04:47

സെക്ഷൻ ഓഫീസർ